Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL) -ന്റെ നിക്ഷേപ തട്ടിപ്പ്

114 (114) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL)-ന്റെ നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL) നിക്ഷേപക തട്ടിപ്പുമായി ബന്ധപ്പെട്ട് 87 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം (1 & 2) ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത കേസുമായി ബന്ധപ്പെട്ട് 8 പേർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ കേസുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

UI-61, PT-25, Quashed-1.

(ഡി) തട്ടിപ്പിനിരയായവർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നുള്ള ധനസഹായം

115 (115) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം സംസ്ഥാനത്ത് എത്രപേരാണ് ഇതുവരെ മരണപ്പെട്ടതെന്നും ഇപ്രകാരം മരണപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നും ധനസഹായം നൽകുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) കോവിഡുമൂലം മരണപ്പെട്ടവർക്കുള്ള സർക്കാർ സഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും ധനസഹായ വിതരണത്തിനുമായി വില്ലേജുകളിലും ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും പ്രത്യേക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ആദ്യമായി റിപ്പോർട്ട് ചെയ്തതു മുതൽ 2-10-2021 വരെ 25303 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും സംയുക്തമായി പുറപ്പെടുവിക്കുന്ന മാനദണ്ഡപ്രകാരം കോവിഡ് രോഗംമൂലം മരണപ്പെട്ടവരുടെയും കോവിഡുമായി ബന്ധപ്പെട്ട റിലീഫ് ആക്ടിവിറ്റികളിൽ ഏർപ്പെടവെ രോഗബാധിതരായി മരണപ്പെട്ടുവെന്ന് സാക്ഷ്യപ്പെടുത്തുന്നവരുടെയും ഏറ്റവും അടുത്ത ബന്ധുവിന് 50,000 രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ്-19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം അനുവദനീയമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടി

116 (116) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡ്യൂറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ്